(ബി) കൃഷി ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിൽ ആകെ 113 കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) കൃഷി ഓഫീസർമാരില്ലാത്ത കൃഷി ഭവനുകളുടെ ചുമതല സമീപ കൃഷി ഭവനുകളിലെ കൃഷി ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. കൃഷി ഓഫീസർമാരുടെ ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൃഷി ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം കൃഷി ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

നൂതന കൃഷിരീതികൾ

102 (5451) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂക്ഷ്മാണുക്കളെ ഉപയോഗിച്ചുള്ള കൃഷിരീതിയിൽ നൂതനാശയങ്ങളുമായി കാർഷിക സംഘടനകൾ രംഗത്തുള്ള കാര്യം അറിവുണ്ടോ :

(ബി) എങ്കിൽ അവരുടെ നൂതനാശയങ്ങളുടെ പ്രയോഗക്ഷമതയും, ഉല്പാദനമികവും പരിശോധിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഫലം വ്യക്തമാക്കുമോ ;

(സി) സൂക്ഷ്മാണുവള പ്രയോഗത്തിൽ വയനാട് ആദിവാസി വിഭാഗത്തിന്റെ പരമ്പരാഗത രീതികൾ പഠന വിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) സൂക്ഷ്മാണുക്കളെ ഉപയോഗിച്ചുള്ള കൃഷിരീതിയിൽ നൂതനാശയങ്ങളുമായി കാർഷിക സംഘടനകൾ രംഗത്ത് നിലവിലില്ല.

(ബി) ബാധകമല്ല

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly